File No.LBRD-C3/115/2017-LBRD

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - പാലക്കാട് പെരുമാട്ടിയിലും തിരുവനന്തപുരത്ത് വാമനപുരത്തും ആരംഭിച്ച ഐ.ടി.ഐ. കളിൽ അനുവദിച്ച ട്രേഡുകളിൽ അധിക യൂണിറ്റ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

G.O.(Ms)No. 100/2017/LBR തീയതി,തിരുവനന്തപുരം, 10/11/2017

പരാമർശം:- 1.01.08.2017 ലെ ജി.ഒ (എം.എസ്) നം.56/17/തൊഴിൽ നമ്പർ ഉത്തരവ്

2. ട്രെയിനിംഗ് ഡയറക്ടറുടെ 04.08.2017ലെ ഐ4/20163/17 നമ്പർ കത്ത്.

ഉത്തരവ്

സൂചന 1 ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ വാമനപുരത്ത് പ്ലംബർ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്നീ ട്രേഡുകളുടെ ഒരോ യൂണിറ്റും പാലക്കാട് ജില്ലയിലെ പെരുമാട്ടിയിൽ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) മെക്കാനിക്കൽ അഗ്രിക്കൾച്ചർ മെഷീനറി എന്നീ രണ്ടു ട്രേഡുകളുടെ ഒരോ യൂണിറ്റും ഐ.ടി.ഐയുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകളോടും കൂടി പുതിയ സർക്കാർ ഐ.ടി.ഐകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പറഞ്ഞ ഒരോ ഐ.ടി.ഐ ലേയും 4 യൂണിറ്റുകളിൽ പരിശീലനം നൽകുന്നതിനായി 4 വീതം ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകൾ സൃഷ്ടിച്ചെങ്കിലും ഒരോ യൂണിറ്റ് മാത്രമാണ് മേൽ പറഞ്ഞ ഉത്തരവ് പ്രകാരം അനുവദിച്ചത്. ട്രേഡുകൾക്ക് നാഷണൽ കൗൺസിൽ ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.ടി) -ന്റെ അംഗീകാരം ലഭിക്കുന്നതിന് ഒരോ ട്രേഡിനും 2 യൂണിറ്റ് വീതം ആവശ്യമാണ്.ആയതിനാൽ വാമനപുരത്തും പെരുമാട്ടിയിലും സൂചന 1 പ്രകാരം അനുവദിച്ച ട്രേഡുകളിൽ ഒരോ യൂണിറ്റ് വീതം കൂടി അനുവദിച്ച് മേൽ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ട്രെയിംഗ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് പെരുമാട്ടിയിലും തിരുവനന്തപുരത്ത് വാമനപുരത്തും ആരംഭിച്ച സർക്കാർ ഐ.ടി.ഐ. കളിൽ അനുവദിച്ച ട്രേഡുകളിൽ ഓരോ യൂണിറ്റുവീതം (ആകെ 2 യൂണിറ്റുകൾ) അധികമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
TOM JOSE
ADDITIONAL CHIEF SECRETARY

ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (10.10.2017 ലെ 416390/H&L-A1/77/2017/Fin.)
പൊതുഭരണ (എസ്.സി) വകുപ്പ്.( ഇനം നമ്പർ 1602)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ